"ഭരണഭാഷ- മാതൃഭാഷ"

STATE HEALTH & FAMILY ... AROGYA ... STATE PROGRAMME MONITORING & SUPPORT UNIT, TVM
'18 MAR 2025

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആശമാർക്ക് ഹോണറേറിയം അനുവദിക്കുന്നതിന് നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒഴിവാക്കിയും നിശ്ചിത ഇൻസെന്റീവ് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു ) വകുപ്പ്

സ.ഉ.(സാധാ) നം.736/2025/H&FWD തിരുവനന്തപുരം, തീയതി, 12-03-2025

---

പരാമർശം:-

1. 02.03.2023 തിയതിയിലെ സ.ഉ(സാധാ) നം 483/2023/H&FWD നമ്പർ ഉത്തരവ്.
2. 2025 ഫെബ്രുവരി 19 ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം.
3. നാഷണൽ ഹെൽത്ത് മിഷൻ , സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 20.02.2025 തിയതിയിലെ എൻ എച്ച് എം /3813/JC(SD)/2021/SPSMU നമ്പർ കത്ത്.

Copy Head SD

ഉത്തരവ്

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2007 ലാണ് കേരളത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആശ ( ASHA - Accredited Social Health Activist) ആരംഭിക്കുന്നത്. ആയിരം ജനങ്ങൾക്ക് ഒരു ആശ എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിലും ആശമാരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വാർഡ് & ഹെൽത്ത്, സാനിട്ടേഷൻ & ന്യൂട്രീഷൻ കമ്മിറ്റിയിൽ ആശയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും സഹായകരമാകുന്നതിന് ഒരു വാർഡിൽ ഒരു ആശ എന്ന രീതിയിൽ നിലവിലുള്ള ആശമാരെ 2018 ൽ പുന:ക്രമീകരിക്കുകയുണ്ടായി. നിലവിൽ 21529 ആശമാർ ഗ്രാമ പ്രദേശങ്ങളിലും 4104 ആശമാർ നഗര പ്രദേശങ്ങളിലും 492 ആശമാർ ട്രൈബൽ മേഖലയിലുമായി ആകെ 26125 ആശമാർ സംസ്ഥാനത്തെ 14 ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. ആശമാരുടെ യോഗ്യത, തെരഞ്ഞെടുപ്പ്, പരിശീലനം, സേവനകാലാവധി, ഹോണറേറിയം, പ്രശ്ന പരിഹാര സംവിധാനങ്ങൾ, സേവനത്തിൽ നിന്നും മാറി നിൽക്കൽ എന്നിവ സംബന്ധിച്ച് സമഗ്രമായ ഒരു മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ആശമാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സർക്കാരിന് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശം (2) പ്രകാരം ചേർന്ന യോഗത്തിൽ ആശമാരുടെ ഇൻസെന്റീവ്, ഹോണറേറിയം എന്നിവയുടെ മാനദണ്ഡങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ആശമാരുടെ ഇൻസെന്റീവും ഹോണറേറിയവും സംബന്ധിച്ച മാനദണ്ഡങ്ങളെ കുറിച്ച് പഠിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെയും നാഷണൽ ഹെൽത്ത് മിഷനിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനക്കായി സമർപ്പിക്കുന്നതിന് നിർദേശിക്കുകയും ചെയ്തിരുന്നു.

2. മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കമ്മിറ്റി റിപ്പോർട്ട് പരാമർശം (3) പ്രകാരം നാഷണൽ ഹെൽത്ത് മിഷന്റെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചതിന്റെ

അടിസ്ഥാനത്തിൽ റിപ്പോർട്ടിലെ ശിപാർശ അംഗീകരിച്ച് ആശമാർക്ക് ഹോണറേറിയം, ഇൻസെന്റീവ് എന്നിവ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങളിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1) <u>ഹോണറേറിയം.</u>

നിലവിൽ പ്രതിമാസം 7,000/- രൂപയാണ് ആശമാർക്ക് ഹോണറേറിയമായി നിശ്ചയിച്ചിട്ടുള്ളത്. പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന 10 മാനദണ്ഡങ്ങളിൽ 5 എണ്ണം പൂർത്തീകരിച്ചാൽ ഹോണറേറിയമായ 7000 രൂപ ലഭിച്ചിരുന്നു. എന്നാൽ ഇനിമുതൽ ഈ തുക ആശമാർക്ക് ഹോണറേറിയമായി അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ പ്രകാരം നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു.

2) <u>നിശ്ചിത ഇൻസെന്റീവ്</u>

ആശമാർക്ക് ചാക്രിക അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്കും മറ്റു പ്രവർത്തനങ്ങൾക്കുമായി പ്രതിമാസം നൽകിവരുന്ന 3000/- രൂപ വരെയുള്ള ഫിക്സഡ് ഇൻസെന്റീവ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. | 1000 രൂപ | ആശയുടെ പ്രവർത്തന മേഖലയിലെ തുടർച്ചയായ 50 വീട് സന്ദർശനം നടത്തി ആവശ്യമായ സേവനം നൽകുക. |
| | | ആശയുടെ പ്രവർത്തന മേഖലയിലെ 50 മുൻഗണന വീട് സന്ദർശനം നടത്തി ആവശ്യമായ സേവനം നൽകുക (ഗർഭിണികൾ, ഒറ്റക്ക് താമസിക്കുന്നവർ, കിടപ്പിലായവർ, അതിദരിദ്രർ) |
| | | വീടുകളുടെ എണ്ണം 100 ൽ താഴയുള്ള ഈരുമിത്രം ആശമാർ അവരുടെ എല്ലാ വീടുകളിലും സന്ദർശനം നടത്തിയാൽ മേൽ പറഞ്ഞ ഇൻസെന്റീവ് നൽകേണ്ടതാണ്. |
| 2. | 1000 രൂപ | വാർഡ് ആരോഗ്യ റിപ്പോർട്ട് തയ്യാറാക്കുക. |
| | | വാർഡ് അവലോകന യോഗം നടത്തുക. |
| | | ജനകീയ ആരോഗ്യ കേന്ദ്രത്തിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പങ്കെടുക്കുക. |
| | | മാതൃസ്ഥാപനത്തിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ പങ്കെടുക്കുക. |
| | മേൽ പറഞ്ഞ പ്രവർത്തനങ്ങളിൽ ഏതെങ്കിലും 2 എണ്ണം ചെയ്യുന്നവർക്ക് 1000 രൂപ ലഭിക്കുന്നതാണ്. | |
| 3. | 1000 രൂപ | ആശയുടെ പ്രവർത്തനമേഖലയിൽ നടക്കുന്ന ക്ലിനിക്കുകളിൽ ആളുകളെ പങ്കെടുപ്പിക്കുകയും ആശ പങ്കെടുക്കുകയും ചെയ്യുക. (വെൽവുമൺ ക്ലിനിക്ക്, എൻ.സി.ഡി ക്ലിനിക്ക്, വിഷയാധിഷ്ഠിത ക്ലിനിക്ക്) |
| | മേൽ പറഞ്ഞ ക്ലിനിക്കുകളിൽ ഏതെങ്കിലും 2 ക്ലിനിക്കിൽ പങ്കെടുക്കുന്നവർക്ക് 1000 രൂപ ലഭിക്കുന്നതാണ്. | |

| |
|---|
| • ഫിക്സഡ് ഇൻസെൻറീവ് 2,000 രൂപയും പെർഫോമൻസ് ഇൻസെൻറീവ് 500 രൂപയും (ആകെ 2500 രൂപ) ലഭിക്കുന്നവർക്ക് 7000 രൂപ ഓണറേറിയത്തിന് അർഹത ഉണ്ടായിരിക്കും. |
| • ഹാംലെറ്റ് (ഊരുമിത്രം ) ആശമാർക്ക് 2000 ഫിക്ഡ് ഇൻസെൻറീവ് ലഭിച്ചാൽ 7000 രൂപ ഓണറേറിയത്തിന് അർഹത ഉണ്ടായിരിക്കും. |
| • ഫിക്സഡ് ഇൻസെൻറീവ് 1000 രൂപ ലഭിക്കുന്നവർക്ക് 3500 രൂപ ഓണറേറിയത്തിന് അർഹത ഉണ്ടായിരിക്കും |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

/അഡിഷണൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

ധനകാര്യ വകുപ്പ്.

തദ്ദേശ സ്വയം ഭരണ വകുപ്പ്.

സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (HEALTH-FW1/157/2022-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Vipin Kumar. S
Date: 14-03-2025 10:42:18

സെക്ഷൻ ഓഫീസർ